അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം

37 [1356] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2004 വരെ തുടർച്ചയായി അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകിയ ധനസഹായം എത്രയെന്നും ഓരോ തൊഴിലാളിക്കും എത്ര രൂപാ ക്രമത്തിലാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ഓരോ വർഷവും ധനസഹായം നൽകിയിട്ടുള്ള ഫാക്ടറികളുടെ പേരും തൊഴിലാളികളുടെ എണ്ണവും തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുക കാലോചിതമായി വർദ്ധിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് മിൽ

38 [1357] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ പ്രവർത്തിക്കുന്ന വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് മിൽ കഴിഞ്ഞ ഒന്നരവർഷക്കാലമായി പൂട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതൊഴിവാക്കി മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂരിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധം സാമ്പത്തിക പ്രതിസന്ധിയാണ്. ഈ കമ്പനി വർഷങ്ങളായി നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത് എന്നു കാണുന്നു. 6 കോടിയിലേറെ രൂപയുടെ സഞ്ചിത നഷ്ടമുണ്ടെന്നാണ് മാനേജ്മെന്റ് പറയുന്നത്. വേജ് ബില്ല് വളരെ കൂടുതലാണ് എന്നും ഉൽപ്പാദനം നന്നേ കുറവാണ് എന്നും മാനേജ്മെന്റ് ശക്തമായി വാദിക്കുന്നു. വേജ് ബില്ല് കുറവ് വരുത്തണമെന്നുള്ള മാനേജ്മെന്റിന്റെ ആവശ്യം അംഗീകരിക്കുവാൻ തൊഴിലാളി സംഘടനകൾ തയ്യാറാല്ല. കൂലിയിൽ കുറവ് വരുത്തണമെന്ന ആവശ്യവും അവർ അംഗീകരിക്കുന്നില്ല. ഗ്രാറ്റുവിറ്റി നൽകി പിരിച്ചയയ്ക്കുന്നതിനും വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെന്ന് കരുതുന്നു.

(സി) & (ഡി) വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ്, നിയമപ്രകാരം വീണ്ടും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഇടപെട്ട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും പിന്നിട് ലേബർ കമ്മീഷണർ തലത്തിലും നിരവധി തവണ ചർച്ചകൾ നടത്തിയെങ്കിലും തുറക്കുവാനുള്ള സാഹചര്യം ഉണ്ടായില്ല. 12-2-2004, 28-2-2004, 21-4-2004, 11-6-2004, 6-7-2004, 7-7-2004, 30-11-2004 എന്നീ തീയതികളിൽ എന്റെ സാന്നിദ്ധ്യത്തിൽ അനുരഞ്ജന ചർച്ച നടത്തുകയുണ്ടായി. ഇതിൽ 7-7-2004-ന് ചേർന്ന യോഗത്തിൽ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനും 12-2-2004, 21-4-2004, 6-7-2004 എന്നീ തീയതികളിലെ യോഗങ്ങളിൽ, അന്തരിച്ച ടി. കെ. ബാലൻ എം. എൽ. എ. യും പങ്കെടുത്തിരുന്നു. തുടർന്ന് 28-2-2005-ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊഴിലുടമയുടെയും ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യോഗം നടത്തുകയുണ്ടായി. മാനേജ്മെന്റിന്റെ നിലപാടിൽ മാറ്റം വരാത്തതിനാൽ ഒത്തുതീർപ്പിലെത്തിക്കുവാനും കഴിഞ്ഞില്ല. തൊഴിലാളികൾക്കുവേണ്ടി ആകർഷകമായ വിധത്തിൽ വി.ആർ.എസ്. പ്രഖ്യാപിക്കണമെന്ന നിർദ്ദേശവും മാനേജ്മെന്റ് അംഗീകരിക്കാൻ തയ്യാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly